'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.എസ്.ഹരികിഷോർ ഐ.എ.എസ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) സംസ്ഥാന മിഷൻ ഡയറക്ടറുടെ അധിക ചാർജ്ജ് വഹിച്ചിരുന്ന കാലയളവിൽ ഡൽഹിയിലും ഹൈദ്രാബാദിലും ഔദ്യോഗിക ആവശ്യത്തിന് യാത്ര ചെയ്യുന്നതിന് കേരള ട്രാവൽസ് ഇന്റർസെർവ് ലിമിറ്റഡ് മുഖേന വിമാന ടിക്കറ്റ് വാങ്ങുകയും ടിക്കറ്റിന്റെ ചാർജ്ജ് MGNREGS സ്റ്റേറ്റ് മിഷനിൽ നിന്നും അനുവദിക്കുകയും ചെയ്ത നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**G.O.(Rt)No.700/2019/LSGD** തീയതി,തിരുവനന്തപുരം, 24/03/2019

---

പരാമർശം:- 1 05.04.2002-ലെ 13110/BPE2-/2001/Plg നംബർ സർക്കുലർ

2 സ.ഉ.(സാധാ)നം.2397/2018/ത.സ്വ.ഭ.വ തീയതി 08.09.2018

3 സ.ഉ.(സാധാ)നം.3024/2018/ത.സ്വ.ഭ.വ തീയതി 28.11.2018

4 എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 13.02.2019-ലെ 1050/ഇ.ജി.എസ്.ഡി./18/ആർ.ഇ.ജി.എസ് നംബർ കത്ത്

**ഉത്തരവ്**

കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.എസ്.ഹരികിഷോർ ഐ.എ.എസ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാനമിഷൻ ഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്ന കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഔദ്യോഗിക ആവശ്യങ്ങൾക്കായി ഡൽഹിയിലും ഹൈദ്രാബാദിലും യാത്രകൾ ചെയ്യുകയും ടി യാത്രകൾക്ക് പരാമർശം (2)&(3) ഉത്തരവുകൾ പ്രകാരം സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

2. ടി യാത്രകളുടെ അടിയന്തിര സ്വഭാവം പരിഗണിച്ച് കുടുംബശ്രീ മുഖാന്തിരം കേരള ട്രാവൽസ് ഇന്റർസെർവ് ലിമിറ്റഡ് മുഖേന യാത്രയ്ക്കുള്ള വിമാന ടിക്കറ്റ് വാങ്ങുകയും കേരള ട്രാവൽസ് ഇന്റർസെർവ് ലിമിറ്റഡിന് ടി വിമാന ടിക്കറ്റ് ചാർജ്ജ് MGNREGS സ്റ്റേറ്റ് മിഷനിൽ നിന്നും അനുവദിക്കുകയും ചെയ്തതായും എന്നാൽ ഇത് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ പരാമർശം (1) സർക്കുലറിലെ പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/ സർക്കാർ സ്പോൺസർ ചെയ്യുന്ന സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ഉദ്യോഗസ്ഥർ സർക്കാർ സ്ഥാപനമായ M/s ഒഡേപക് ട്രാവൽ ഡിവിഷനിൽ നിന്നും വിമാന ടിക്കറ്റ് എടുക്കണമെന്ന നിർദ്ദേശത്തിന് വിരുദ്ധമായതിനാൽ ടി നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർശം (4) പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതി മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.എസ്.ഹരികിഷോർ ഐ.എ.എസ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്ന കാലയളവിൽ ഹൈദരാബാദിലേക്കും ന്യൂ ഡൽഹിയിലേക്കും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഔദ്യോഗിക ആവശ്യങ്ങൾക്കായി യാത്ര ചെയ്യേണ്ടി വന്ന സാഹചര്യത്തിൽ കുടുംബശ്രീ മുഖാന്തിരം കേരള ട്രാവൽസ് ഇന്റർസെർവ് ലിമിറ്റഡ് മുഖേന വിമാന ടിക്കറ്റ് വാങ്ങുകയും ടി ടിക്കറ്റ് ചാർജ്ജ് ദേശീയ തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷനിൽ നിന്നും അനുവദിക്കുകയും ചെയ്ത നടപടിക്ക്, ടി യാത്രകളുടെ (പരാമർശം (2)& (3) പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുള്ള യാത്രകൾ) അടിയന്തിര സ്വഭാവം പരിഗണിച്ച് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINIMOL ABRAHAM

ADDITIONAL SECRETARY

പകർപ്പ്

മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ